മലപ്പുറം ജില്ലയിലെ കാളിക്കാവ് പാലത്തിന്റെ ശോചനീയാവസ്ഥ

67 (1316) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെകാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മലപ്പുറം ജില്ലയിലെ കാളിക്കാവ് ടൗണിൽ 1936-ൽ നിർമ്മിച്ച പാലം ഏതവസര ത്തിലും തകരാൻ സാദ്ധ്യതയുണ്ടെന്നത് പരിഗണിച്ച് മറ്റൊരു പാലം നിർമ്മിക്കുവാൻ ഗവൺമെന്റ് അടിയന്തിര നടപടി കൈക്കൊള്ളുമോ ?

ഉത്തരം

പ്രസ്തുത പാലത്തിന്റെ പുനർനിർമ്മാണത്തിനായി പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകി ആവശ്യമായ ഫണ്ടും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയാൽ പണി ടെന്റർ ചെയ്ത് ആരംഭിക്കാവുന്നതാണ്.

ആലപ്പുഴ നഗരത്തിലെ പാലങ്ങളുടെ പുനർനിർമ്മാണം

68 (1317) ശ്രീ. കെ. സി. വേണുഗോപാൽ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നഗരത്തിൽ ഏതെല്ലാം പാലങ്ങളാണ് പുനർനിർമ്മിക്കുന്നതിനായി ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) മേൽപ്പറഞ്ഞ പാലങ്ങളുടെ പുനർനിർമ്മാണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ ;

(സി) ഏതെല്ലാം പാലങ്ങളുടെ പുനർനിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട് ;

(ഡി) ഏതെല്ലാം പാലങ്ങളുടെ പുനർനിർമ്മാണത്തിനായി ഭരണാനുമതി നൽകേണ്ടതുണ്ട് ;

(ഇ) പ്രസ്തുത പാലങ്ങൾക്കു ഭരണാനുമതി നല്കുന്നതിന് ആവശ്യമായ അടിയന്തിരനടപടികൾ സ്വീകരിക്കുമോ ;

(എഫ്) കണ്ണൻവർക്കി പാലത്തിന് കഴിഞ്ഞവർഷത്തെ (1999-2000) ബഡ്ജറ്റിൽ എന്തു തുക നീക്കി വച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ജി) ഈ തുക മൊത്തം എസ്റ്റിമേറ്റിന്റെ 20%-ൽ കുറവായതിനാൽ പുനർനിർമ്മാണ നടപടികൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെട്ടിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എച്ച്) എങ്കിൽ ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ നഗരത്തിൽ കൊട്ടാരം പാലം, കണ്ണൻവർക്കി പാലം, വൈ.എം.സി.എ. പാലം കൊത്തുവാൾ, ചാവടിപാലം, കൊച്ചുകടപാലം, വഴിച്ചേരി പാലം, മട്ടാഞ്ചേരിപാലം, മുറിഞ്ഞപുഴ പാലം, ജില്ലാകോടതി പാലം എന്നിവയാണ് പുനർനിർമ്മാണത്തിനായി ഉദ്ദേശിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മേൽപ്പറഞ്ഞവയിൽ കൊട്ടാരം പാലം, കണ്ണൻവർക്കി പാലം, വൈ.എം.സി.എ. പാലം എന്നിവ പുനർനിർമ്മിക്കുന്നതിനുള്ള കരാർ ഉറപ്പിച്ച് പണി ആരം ഭിച്ചു കഴിഞ്ഞു. ബാക്കിയുള്ളവയുടെ എസ്റ്റിമേറ്റുകൾ പരിശോധിച്ചുവരുന്നു.

(സി,ഡി&ഇ) മേൽപ്പറഞ്ഞ മൂന്ന് പാലങ്ങൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. കൊത്തുവാൾ ചാവടിപാലം, കൊച്ചുകടപാലം, മട്ടാഞ്ചേരി പാലം, വഴിച്ചേരി പാലം, ജില്ലാ കോടതി പാലം, മുറിഞ്ഞപുഴപാലം എന്നിവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചു വരുന്നു.

(എഫ്) പ്രസ്തുത പാലത്തിന് ഈ വർഷത്തെ ബഡ്ജറ്റിൽ 2,68,000 രൂപ നീക്കി വച്ചിട്ടുണ്ട്.

(ജി) ഉണ്ട്.

(എച്ച്) നടപടി സ്വീകരിച്ചുവരികയാണ്.

നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിന്നു കടുത്തുരുത്തിയിലേക്കുള്ള റോഡ് സ്റ്റേറ്റ്ഹൈവേ ആക്കണമെന്നാവശ്യം

69 (1318) ശ്രീ. ടി. എം. ജേക്കബ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിന്നും പെരുവംമൂഴി, ഊരമന, രാമമംഗലം, പിറവം, പെരുവ വഴി കടുത്തുരുത്തിയിലേക്കുള്ള റോഡ് സ്റ്റേറ്റ് ഹൈവേ ആക്കുന്നതിനുള്ള എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത റോഡ് വീതി കൂട്ടുന്നതിനുള്ള എന്തെങ്കിലും നടപടി നാളിതുവരെ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ,ബി&സി) നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിന്നും പെരുവാമൂഴി, ഊരമന, രാമമംഗലം, പിറവം, പെരുവ വഴി കടുത്തുരുത്തിയിലേക്കുള്ള റോഡ് സ്റ്റേറ്റ് ഹൈവേ നിലവാരത്തിലേക്ക് ഉയർത്തുന്നതിനെപ്പറ്റി വിശദമായ പഠനം നടത്താൻ മദ്ധ്യമേഖല സൂപ്രണ്ടിംഗ് എൻജിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിശദമായ പഠനത്തിനു ശേഷം മേൽ നടപടികൾ കൈക്കൊള്ളുന്നതാണ്.

നിലമ്പൂരിൽ ബൈപ്പാസ് റോഡ്

70 (1319) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂരിൽ ബൈപാസ് റോഡ് നിർമ്മിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ പ്രവൃത്തി ഉടനെ തുടങ്ങുവാൻ നടപടി കൈക്കൊള്ളുമോ ?

LIBRARY ARCHIVES Kerala Legislative Assembly